# നീതിവേദി

www.neethivedhi.org




നീതി ഔദാര്യമല്ല...
അവകാശമാണ്...

# കനൽ ക്യാമ്പ്





2023 ഏപ്രിൽ 20, 21, 22 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് ആദിവാസി വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികൾക്കായി ത്രിദിനകനൽ ക്യാമ്പ് സംഘടിപ്പിച്ചു. ഏപ്രിൽ 20 ന് രാവിലെ 11 മണിക്ക് നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീ സിജു സി ആദ്യ ദിവസത്തെ ക്യാമ്പിന്റെ റിസോഴ്സ് പേഴ്സൺ ആയിരുന്നു. വിവിധ ഗെയിമുകളിലൂടെ കുട്ടികൾക്ക് മോട്ടിവേഷൻ നൽകി. വൈകുന്നേരം ഗ്രൂപ്പ് തിരിച്ച് കലാസന്ധ്യ നടത്തി. നാടൻപാട്ട്, ഡാൻസ്, സ്കിറ്റ് എന്നിവ അവതരിപ്പിച്ചു. ഏപ്രിൽ 21 ന് രാവിലെ 5.45 ന് കണ്ണൂരിലേക്ക് എക്സ്പോഷർ യാത്ര ആരംഭിച്ചു.

കണ്ണൂർ എയർപോർട്ട്, വിസ്മയ വാട്ടർ തീം പാർക്ക്, പയ്യാമ്പലം ബീച്ച് എന്നിവ സന്ദർശിച്ചു. യാത്രക്കിടയിൽ ഹൗസ് ബോട്ട്, ട്രെയിൻ എന്നിവയും കണ്ടു. ആദ്യമായി വിമാനത്താവളവും ട്രെയിനും കടലും കണ്ട നിരവധി കുട്ടികൾ ഉണ്ടായിരുന്നു. എല്ലാവരും യാത്ര നന്നായി ആസ്വദിക്കുകയും വളരെ നല്ലൊരു അനുഭവമായിരുന്നു എന്ന് പങ്കുവെക്കുകയും ചെയ്തു. ഏപിൽ 22 ന് രാവിലെ കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയും കൗമാരക്കുട്ടികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സംബന്ധിച്ച് നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു ക്ലാസ്സ് എടുത്തു. ക്യാമ്പിനെക്കുറിച്ചുള്ള വിലയിരുത്തലും തുടർന്ന് ക്ലബ് തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും പ്ലാൻ ചെയ്തു. നീതിവേദി സ്റ്റാഫ് അംഗങ്ങൾ ക്യാമ്പിന് നേതൃത്വം നൽകി. 75 കുട്ടികളും 7 സ്റ്റാഫ് അംഗങ്ങളും അടക്കം 82 പേര് പങ്കെടുത്തു.







# ജനറൽ ബോഡി





2023 ഏപ്രിൽ മാസം 27-ാം തിയതി നീതിവേദി ഓഫീസിൽ വെച്ച് വാർഷിക ജനറൽ ബോഡി യോഗം നടന്നു. ജോയിന്റ് സെക്രട്ടറി ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ സ്വാഗതം ആശംസിച്ചു. 2022-23 പ്രവർത്തനവർഷത്തെ വാർഷിക റിപ്പോർട്ട് സെക്രട്ടറി ശ്രീമതി ഫ്ളയ്സി ജോസ് അവതരിപ്പിച്ചു. 2022-23 വർഷത്തെ വാർഷിക കണക്ക്, 2023-24 വർഷത്തെ ബഡ്ജറ്റ് എന്നിവ ട്രഷറർ അഡ്വ.ജോമോൾ അവതരിപ്പിച്ചു. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ യോഗം പാസ്സാക്കി.

ഗവേർണിംഗ് ബോഡി അംഗങ്ങളായി അഡ്വ.ഫാ.സ്റ്റീഫൻ മാത്യു (പ്രസിഡന്റ്), കെ മിനി (വൈസ് പ്രസിഡന്റ്), ഫ്ളയ്സി ജോസ് (സെക്രട്ടറി), ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ (ജോ.സെക്രട്ടറി), അഡ്വ.ജോമോൾ ജോയി (ട്രഷറർ), എക്സിക്യൂട്ടീവ് മെമ്പർമാരായി അഡ്വ.ഫാ.തോമസ് ജോസഫ് തേരകം, അഡ്വ.മരിയ, കെ.ഐ.തോമസ്, ഇ.ജി.ജോസഫ് എന്നിവരെ തിരഞ്ഞെടുത്തു.

2023-24 വർഷത്തെ പ്രവർത്തനങ്ങൾ യോഗത്തിൽ വിശദീകരിച്ചു. എം എം ഏജൻസിയുടെ സാമ്പത്തിക സഹായം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് പ്രസിഡന്റ് വിശദീകരിച്ചു. നീതിവേദിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിന് വോളണ്ടിയർമാരുടെ സേവനം ആവശ്യമാണെന്ന് പ്രസിഡന്റ് കൂട്ടിച്ചേർത്തു. ആദിവാസി വിഭാഗങ്ങളിൽ ആത്മഹത്യകൾ കൂടിവരികയാണെന്നും ഇക്കാര്യത്തിൽ നീതിവേദി ഇടപെടലുകൾ നടത്തണമെന്നും യോഗം ആവശ്യപ്പെട്ടു. ആദിവാസി വിഭാഗത്തിൽ പി ജി കഴിഞ്ഞ നിരവധി ചെറുപ്പക്കാർ ജോലി ഇല്ലാതെ വിഷമിക്കുന്ന അവസ്ഥയിലും നീതിവേദി ഇടപെടലുകൾ നടത്താൻ യോഗം തീരുമാനിച്ചു. നീതിവേദിയുടെ ഇരുപതാം വാർഷികം അന്തർദേശീയ ആദിവാസി ദിനത്തോടനുബന്ധിച്ച് നടത്താൻ തീരുമാനിച്ചു. വയനാട് ജില്ലയിൽ ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരെ ബാധിക്കുന്ന പ്രധാനവിഷയങ്ങളിൽ നീതിവേദി ഭാരവാഹികളടങ്ങുന്ന ഒരു ടീം സന്ദർശിക്കുകയും ഫോളോ അപ്പുകൾ നടത്തുകയും ചെയ്യണമെന്ന് യോഗം അഭിപ്രായപ്പെട്ടു. എല്ലാ മാസവും ഇ-ബുള്ളറ്റിൻ ഇറക്കാൻ തീരുമാനിച്ചു. ശ്രീമതി മിനി സാജു നന്ദി പറഞ്ഞു. 30 പേര് പങ്കെടുത്തു.

# സ്റ്റാഫ് ട്രെയിനിംഗ്

2023 മെയ് 2 ന് നീതിവേദി ഓഫീസിൽ വെച്ച് സ്റ്റാഫ് ട്രെയിനിംഗ് സംഘടിപ്പിച്ചു. പരാതി തയ്യാറാക്കൽ, കോടതി നടപടിക്രമങ്ങൾ, ഡിവി ആക്റ്റ്, പോക്സോ ആക്റ്റ് തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു, ശ്രീ അനീഷ് ബാബു, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ ക്ലാസ്സ് നൽകി. 9 പേര് പങ്കെടുത്തു.

# ബോധവത്ക്കരണ ക്ലാസ്സ്

2023 മെയ് 4 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ അമ്പൂത്തി വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികളുടെ മീറ്റിംഗും കൗമാരപ്രായക്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി.





2023 മെയ് 5 ന് മുട്ടിൽ പഞ്ചായത്തിലെ അടുവാടിവയൽ വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികളുടെ മീറ്റിംഗും കൗമാര-പ്രായക്കാരുടെ മാനസിക ആരോഗ്യവും, പോക്സോ നിയമവും സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ, കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു എന്നിവർ നേതൃത്വം നൽകി.

2023 മെയ് 19 ന് വെള്ളമുണ്ട പഞ്ചായത്തിലെ അരീക്കര വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികളുടെ മീറ്റിംഗും ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ കൗമാരപ്രായക്കാരുടെ മാനസിക ആരോഗ്യവും കാര്യങ്ങൾ സംബന്ധിച്ച ക്ലാസ്സ് നയിച്ചു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.





2023 മെയ് 19 ന് അമ്പലവയൽ പഞ്ചായത്തിലെ വാളശ്ശേരി കോളനിയിൽ വെച്ച് നിയമബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.

2023 മെയ് 20 ന് മുട്ടിൽ പഞ്ചായത്തിലെ താഴെമുട്ടിൽ അംഗൻവാടിയിൽ വെച്ച് കൗമാര പ്രായക്കാരായ കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നൽകി. ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ ക്ലാസ്സിന് നേതൃത്വം നൽകി.





2023 മെയ് 30 ന് വെള്ളമുണ്ട പഞ്ചായത്ത് ഹാളിൽ വെച്ച് വനിതകൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നൽകി. ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ ക്ലാസ്സിന് നേതൃത്വം നൽകി. 17 പേര് പങ്കെടുത്തു.

## വനിതാ സൗഹൃദ ക്ലബ് ഭാരവാഹികൾക്ക് പരിശീലനം

2023 മെയ് 8 ന് നീതിവേദി ഓഫീസിൽ വെച്ച് വനിതാ ക്ലബ് ഭാരവാഹികളുടെ മീറ്റിംഗ് സംഘടിപ്പിച്ചു. ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തെ സംബന്ധിച്ച ക്ലാസ്സ് നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ ക്ലാസ്സ് നൽകി. ക്ലബ് പ്രവർത്തന വിലയിരുത്തലിനും ഈ വർഷത്തെ പ്രവർത്തന പ്ലാനിംഗിനും ശ്രീമതി ഫ്ളയ്സി ജോസ് നേതൃത്വം നൽകി. 27 പേര് പങ്കെടുത്തു.





## വനിതാ സൗഹൃദ ക്ലബ്

2023 മെയ് 4 ന് വെള്ളമുണ്ട പഞ്ചായത്തിലെ പുലിക്കാട് അരീക്കര കോളനിയിൽ വനിതാ സൗഹൃദ ക്ലബ് രൂപീകരിച്ചു. വനിതാ സൗഹൃദ ക്ലബ് പ്രസിഡന്റ്- ശ്രീമതി ആതിര, വൈസ് പ്രസിഡന്റ്- സരിത, സെക്രട്ടറി-ശ്രീമതി പാറു, ജോയിന്റ് സെക്രട്ടറി-ശരണ്യ എന്നിവരെ തിരഞ്ഞെടുത്തു.



rawpixel

# യുവജന സൗഹൃദ ക്ലബ്





2023 മെയ് 20 ന് പുൽപ്പള്ളി പഞ്ചായത്തിലെ കരിമം വിദ്യാർത്ഥി-യുവജന സൗഹൃദ ക്ലബ് അംഗങ്ങളുടെ മീറ്റിംഗ് സംഘടിപ്പിച്ചു. ക്ലബ് പ്രസിഡന്റ് ശ്രീ ശ്യാം ജി കെ സ്വാഗതം പറഞ്ഞു. ക്ലബ് പ്രവർത്തനങ്ങൾ വിലയിരുത്തി. ജൂൺ മാസത്തിൽ നടക്കുന്ന ക്യാമ്പിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നത് സംബ-ന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തു. ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി. കൃഷ്ണൻ നന്ദി പറഞ്ഞു. 25 പേര് പങ്കെടുത്തു.



2023 മെയ് 24 ന് ബത്തേരി പൊൻകുഴി യുവജന സൗഹൃദക്ലബ് മീറ്റിംഗ് നടന്നു. ശ്രീ പ്രമോദ് സ്വാഗതം ആശംസിച്ചു. ക്ലബിന്റെ തുടർപ്രവർ-ത്തനങ്ങൾ സംബന്ധിച്ച് ഫീൽഡ് കോർഡിനേറ്റർ ജ്യോതിഷ് വിശദീകരിച്ചു. ക്ലബ് പ്രസിഡന്റ് വിബിൻ നന്ദി പറഞ്ഞു. 17 അംഗങ്ങൾ പങ്കെടുത്തു.

# വിദ്യാർത്ഥി സൗഹൃദ ക്ലബ്

## അരീക്കര



2023 മെയ് 4 ന് വെള്ളമുണ്ട പഞ്ചായയത്തിലെ പുലിക്കാട് അരീക്കര കോളനിയിൽ വിദ്യാർത്ഥി സൗഹൃദ ക്ലബ് രൂപീകരിച്ചു. വിദ്യാർത്ഥി സൗഹൃദക്ലബ് ഫസിലിറ്റേറ്ററായി ശ്രീമതി ശരണ്യയെ തിരഞ്ഞെടുത്തു. ക്ലബ് പ്രസിഡന്റായി ശിവാനി, സെക്രട്ടറിയായി പ്രജിത്ത് എന്നിവരെ തിരഞ്ഞെടുത്തു.

## അടുവാടിവയൽ

2023 മെയ് 5 ന് മുട്ടിൽ പഞ്ചായയത്തിലെ അടുവാടിവയൽ വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികളുടെ മീറ്റിംഗും കൗമാരപ്രായക്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും പോക്സോ നിയമവും സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ, കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു എന്നിവർ നേതൃത്വം നൽകി.



## കരിമം





2023 മെയ് 6 ന് പുൽപ്പള്ളി പഞ്ചായത്തിലെ കരിമം കോളനിയിൽ വിദ്യാർത്ഥി സൗഹൃദ ക്ലബ് രൂപീകരിച്ചു. ബാലാമണി സ്വാഗതം പറഞ്ഞു. വിദ്യാർത്ഥി സൗഹൃദ ക്ലബിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ശ്രീമതി മിനി വിശദീകരിച്ചു. ക്ലബിന് സ്നേഹക്കൂട്ടം എന്ന പേര് നൽകി. ശാന്തി-പ്രസിഡന്റ്, നിധീപ്-വൈസ് പ്രസിഡന്റ്, അജിത്ത്-സെക്രട്ടറി, ജിമൽ-ജോ.സെക്രട്ടറി എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. ഫസിലിറ്റേറ്ററായി ബാലാമണി യെയും തിരഞ്ഞെടുത്തു. വിദ്യാർത്ഥി- യുവജന സൗഹൃദ ക്ലബ് അംഗങ്ങൾക്കായി കൗമാരപ്രായക്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും പോക്സോ നിയമവും സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സ് ശ്രീമതി സൂര്യ എസ് ബിനു നൽകി. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.

## അടിച്ചിലാടി





2023 മെയ് 11 ന് മീനങ്ങാടി പഞ്ചായത്തിലെ അടിച്ചിലാടി വിദ്യാർ-ത്ഥി സൗഹൃദ ക്ലബ് രൂപീകരിച്ചു. വിദ്യാർത്ഥി സൗഹൃദ ക്ലബിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ശ്രീമതി മിനി വിശദീകരിച്ചു. ക്ലബിന് 'മഴത്തുള്ളി' എന്ന പേര് നൽകി. അംഗൻവാടി വർക്കർ ശ്രീമതി ഷീബ ടീച്ചർ സ്വാഗതം പറഞ്ഞു.

അശ്വതി-പ്രസിഡന്റ്, ഗായത്രി-വൈസ് പ്രസിഡന്റ്, രേണുക.-സെക്രട്ടറി, ലാവണ്യ-ജോ.സെക്രട്ടറി എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. ഫസിലിറ്റേറ്ററായി ശ്രുതി ബാലയെ തിരഞ്ഞെടുത്തു. അശ്വതി നന്ദി പറഞ്ഞു.

## പന്തളം



2023 മെയ് 16 ന് മീനങ്ങാടി പഞ്ചായത്തിലെ പന്തളം വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികളുടെ മീറ്റിംഗും ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. ആതിര സ്വാഗതം പറഞ്ഞു. ഊരുമൂപ്പൻ ശ്രീ മാമ്പറൻ അദ്ധ്യക്ഷത വഹിച്ചു. നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു കൗമാരപ്രായക്കാരുടെ മാനസിക ആരോഗ്യവും പോക്സോ നിയമവും സംബന്ധിച്ച ക്ലാസ്സ് നയിച്ചു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി. മായ നന്ദി പറഞ്ഞു. 14 പേര് പങ്കെടുത്തു.

## കടച്ചിക്കുന്ന്



2023 മെയ് 18 ന് മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ കടച്ചിക്കുന്ന് വിദ്യാർത്ഥി സൗഹൃദ ക്ലബ് രൂപീകരിച്ചു. ക്ലബ് ഫസിലിറ്റേറ്റർ ശ്രീമതി അനിത സ്വാഗതം ആശംസിച്ചു. വിദ്യാർത്ഥി സൗഹൃദ ക്ലബിന്റെ പ്രാധാന്യത്തെ സംബ-ന്ധിച്ചും ജൂൺ 10,11 തിയതികളിൽ മാനന്തവാടി വെച്ച് നടക്കുന്ന ക്യാമ്പിനെക്കുറിച്ചും ഫീൽഡ് കോർഡി-നേറ്റർ ശ്രീ ജ്യോതിഷ്കുമാർ വിശദീകരിച്ചു.

ചിഞ്ചു കെ വി-പ്രസിഡന്റ്, വിഷ്ണു കെ-വൈസ് പ്രസിഡന്റ്, അനൂപ് കെ ആർ-സെക്രട്ടറി, പ്രവീണ കെ എം-ജോ.സെക്രട്ടറി എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു കൗമാരപ്രായക്കാരുടെ മാനസിക ആരോഗ്യവും പോക്സോ നിയമവും സംബന്ധിച്ച ക്ലാസ്സ് നയിച്ചു. ശിവപ്രസാദ് നന്ദി പറഞ്ഞു. 26 പേര് പങ്കെടുത്തു.

## വേങ്ങൂർ





2023 മെയ് 20 ന് മീനങ്ങാടി പഞ്ചായത്തിലെ വേങ്ങൂർ വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികളുടെ മീറ്റിംഗ് സംഘടിപ്പിച്ചു. അമൃത്ബാല സ്വാഗതം പറഞ്ഞു. ആവണി കെ എസ് അദ്ധ്യക്ഷത വഹിച്ചു. എസ് എസ് എൽ സി പരീക്ഷയിൽ വിജയം കരസ്ഥമാക്കിയ 4 വിദ്യാർത്ഥികളെ അനുമോദിച്ചു. കുട്ടികൾക്കായി വിവിധ കളികളും കലാപരിപാടികളും നടത്തി. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി. ശ്രുതിക നന്ദി പറഞ്ഞു. 17 പേര് പങ്കെടുത്തു.

## മുരിക്കുംതേരി

2023 മെയ് 24 ന് മാനന്തവാടി മുരിക്കുംതേരി വിദ്യാർത്ഥി സൗഹൃദ ക്ലബ് വിദ്യാർത്ഥികളുടെ മീറ്റിംഗ് സംഘടിപ്പിച്ചു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുനേതൃത്വം നൽകി. 10 വിദ്യാർത്ഥികൾ പങ്കെടുത്തു.







## പരിശീലന പരിപാടി

2023 മെയ് 12 ന് നീതിവേദി ഓഫീസിൽ വെച്ച് ആദിവാസി വിദ്യാർത്ഥി സൗഹൃദക്ലബ് ഫസിലിറ്റേറ്റർമാർക്കായി പരിശീലനപരിപാടി സംഘടിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. പരസ്പരം പരിചയപ്പെട്ടു. തുടർന്ന് ശ്രീ മാത്യൂസ് വയനാട് പരിശീലനത്തിന് നേതൃത്വം നൽകി. ക്ലബു തലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ചകൾ നടത്തി. ശ്രീമതി മിനി സാജു നന്ദി പറഞ്ഞു. 25 പേർ പങ്കെടുത്തു.





## ഇന്റേൺഷിപ്പ്

2023 മെയ് 8 ന് കോഴിക്കോട് യൂണിവേഴ്സിറ്റി സെന്ററിലെ 2 എം എസ് ഡബ്ല്യൂ വിദ്യാർത്ഥികൾ നീതിവേദിയിൽ ഒരുമാസത്തെ ഇന്റേൺഷിപ്പിനായി വരികയും നീതിവേദി പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

2023 മെയ് 10 ന് ബത്തേരി പൂമല കോളേജിലെ 2 എം എസ് ഡബ്ല്യൂ വിദ്യാർത്ഥികൾ ജില്ലാ പ്രൊട്ടക്ഷൻ ഓഫീസിൽ ഒരുമാസത്തെ ഇന്റേൺഷിപ്പിന്റെ ഭാഗമായി നീതിവേദി സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

# ജില്ലാ പീസ് ഫോറം

2023 മെയ് 15 ന് കോർ ടീം വോളണ്ടിയർമാർ, പഞ്ചായത്ത്/ജില്ലാ പീസ് കമ്മറ്റി ചെയർമാൻ/കൺവീനർമാർ എന്നിവരുടെ മീറ്റിംഗ് സംഘടിപ്പിച്ചു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ് ഉദ്ഘാടനം ചെയ്തു.

ജില്ലയിൽ സജീവമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലെ കർമ്മപദ്ധതികൾ ചർച്ച ചെയ്ത് രൂപീകരിച്ചു. ചർച്ചകൾക്ക് നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ. സ്റ്റീഫൻ മാത്യു നേതൃത്വം നൽകി. കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ നന്ദി പറഞ്ഞു. 37 പേര് മീറ്റിംഗിൽ പങ്കെടുത്തു.





# പീസ് കമ്മറ്റികൾ

## മുട്ടിൽ



2023 മെയ് 19 ന് മുട്ടിൽ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീ അഷറഫ് സ്വാഗതം ആശംസിച്ചു. മുട്ടിൽ പഞ്ചായത്ത് പീസ് കമ്മറ്റി ചെയർമാൻ ശ്രീ ജോർജ്ജുകുട്ടി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീമതി വൽസ ദേവസ്യ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ് ചർച്ചകൾക്ക് നേതൃത്വം നൽകി. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് പ്രൊമോട്ടർമാർ കൂടുതൽ ശ്രദ്ധചെലുത്തണമെന്ന് കൗൺസിലർ ശ്രീമതി അഭിരാമി അഭിപ്രായപ്പെട്ടു. ശ്രീമതി ശ്രീക്കുട്ടി നന്ദി പറഞ്ഞു. 28 അംഗങ്ങൾ പങ്കെടുത്തു.

## പുൽപ്പള്ളി




2023 മെയ് 22 ന് പുൽപ്പള്ളി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഉഷ ടീച്ചർ സ്വാഗതം ആശംസിച്ചു. പുൽപ്പള്ളി പഞ്ചായത്ത് പീസ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി റീന അദ്ധ്യക്ഷത വഹിച്ചു. പുൽപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ദിലീപ് കുമാർ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ശ്രീമതി മിനി സാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. ലഹരി ഉപയോഗം സംബന്ധിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. ശ്രീ അക്ഷയ് നന്ദി പറഞ്ഞു. 26 അംഗങ്ങൾ പങ്കെടുത്തു.

## നൂൽപ്പുഴ




2023 മെയ് 23 ന് നൂൽപ്പുഴ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീ ജയചന്ദ്രൻ, പീസ് കമ്മറ്റി ജോ.കൺവീനർ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി വൈസ് ചെയർമാൻ ശ്രീ ബാലൻ അദ്ധ്യക്ഷത വഹിച്ചു. നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീജ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ശ്രീമതി മിനി സാജു പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. പഞ്ചായത്തിലെ നീതിവേദി ഇടപെടൽ നടത്തേണ്ട പ്രശ്നങ്ങൾ അംഗങ്ങൾ വിശദീകരിച്ചു. ലഹരി ഉപയോഗം സംബന്ധിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തണമെന്നും യോഗം ആവശ്യപ്പെട്ടു. ശ്രീ അക്ഷയ് നന്ദി പറഞ്ഞു. 14 അംഗങ്ങൾ പങ്കെടുത്തു.

## കൽപ്പറ്റ




2023 മെയ് 24 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. പീസ് കമ്മറ്റി കൺവീനർ ശ്രീമതി ശോശാമ്മ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർമാൻ അഡ്വ മുസ്തഫ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീമതി വൽസ ദേവസ്യ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പുതിയ തർക്കവിഷയങ്ങളെ സംബന്ധിച്ച് കൗൺസിലർ ശ്രീമതി അജിത വിശദീകരിക്കുകയും നീതിവേദി ഇടപെടൽ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ശ്രീമതി ഷേർളി നന്ദി പറഞ്ഞു. 20 അംഗങ്ങൾ പങ്കെടുത്തു.

## ബത്തേരി



2023 മെയ് 24 ന് ബത്തേരി മുനിസിപ്പാലിറ്റിയിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഷൈലജ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി എലിസബത്ത് ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. മുനിസിപ്പാലിറ്റി ചെയർമാൻ ശ്രീ ടി കെ രമേശ് മുഖ്യപ്രഭാഷണം നടത്തുകയും നീതിവേദിയുടെ സേവനം മുനിസിപ്പാലിറ്റിയിൽ ആവശ്യമാണെന്നും മുനിസിപ്പാലിറ്റിയുടെ എല്ലാ പിന്തുണയും ഉണ്ടാകുമെന്നും അറിയിച്ചു. സെക്രട്ടറി ശ്രീമതി മിനി സാജു പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. എല്ലാ വാർഡിൽ നിന്നും അംഗങ്ങളെ ഉൾപ്പെടുത്തി ജൂൺ മാസത്തിൽ പീസ് കമ്മറ്റി പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു. കോർ ടീം വോളണ്ടിയർ ശ്രീമതി ഷിൻസി നന്ദി പറഞ്ഞു. 13 അംഗങ്ങൾ പങ്കെടുത്തു.

## മീനങ്ങാടി



2023 മെയ് 25 ന് മീനങ്ങാടി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. കോർ ടീം വോളണ്ടിയർ ശ്രീമതി ശാന്തി സുനിൽ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർചെയർമാൻ ശ്രീ എം ജി ബേബി അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ ഇ വിനയൻ മുഖ്യപ്രഭാഷണം നടത്തി. നീതിവേദി പ്രവർത്തനങ്ങളുടെ ഇടപെടലുകളിലൂടെ ഉണ്ടാകുന്ന സേവനപ്രവർത്തനങ്ങൾ ഗുണപ്രദമാണെന്നും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ പിന്തുണ ഉണ്ടാകുമെന്നും അറിയിച്ചു. സെക്രട്ടറി ശ്രീമതി മിനി സാജു പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. കോർ ടീം വോളണ്ടിയർ ശ്രീ ഇ ഐ ജോർജ്ജ് നന്ദി പറഞ്ഞു. 13 അംഗങ്ങൾ പങ്കെടുത്തു.

## എടവക



2023 മെയ് 26 ന് എടവക പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഇന്ദുലേഖ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർചെയർമാൻ ശ്രീ ഒ ടി ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ പ്രദീപ് മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും നീതിവേദിയുടെ പ്രവർത്തനങ്ങൾ എത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ പീസ് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ പിന്തുണ ഉണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു. സെക്രട്ടറി ശ്രീമതി ഇന്ദുലേഖ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. ജോയിന്റ് കൺവീനർ ശ്രീമതി ലിസി ജോൺസൻ നന്ദി പറഞ്ഞു. 32 അംഗങ്ങൾ പങ്കെടുത്തു.

## പൂതാടി





2023 മെയ് 27 ന് പൂതാടി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. പീസ് കമ്മറ്റി കൺവീനർ ശ്രീമതി റീത്ത സ്റ്റാൻലി സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർചെയർമാൻ ശ്രീ ഷാന്റി ചേനമ്പാടി അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മെമ്പർമാരായ ശ്രീ സണ്ണി, ശ്രീമതി മിനി പ്രകാശൻ എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. സെക്രട്ടറി ശ്രീമതി മിനി സാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. ജൂൺ അവസാനത്തോടെ എല്ലാ വാർഡിലെയും അംഗങ്ങളെ ഉൾപ്പെടുത്തി പീസ് കമ്മറ്റി പുന:സംഘടിപ്പിക്കാൻ തീരിമാനിച്ചു. ശ്രീ വിഷ്ണു നന്ദി പറഞ്ഞു. 14 അംഗങ്ങൾ പങ്കെടുത്തു.

## കണിയാമ്പറ്റ

2023 മെയ് 30 ന് കണിയാമ്പറ്റ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. കൺവീനർ ശ്രീ അബ്ദുൾ ലത്തീഫ് സ്വാഗതം ആശംസിച്ചു. കണി യാമ്പറ്റ പഞ്ചായത്ത് പീസ് കമ്മറ്റി ചെയർമാൻ ശ്രീ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീമതി വൽസ ദേവസ്യ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച നടത്തി. കോർ ടീം വോളണ്ടിയർ ശ്രീമതി സബിത നന്ദി പറഞ്ഞു.





## അമ്പലവയൽ

2023 മെയ് 30 ന് അമ്പലവയൽ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. കോർ ടീം വോളണ്ടിയർ ശ്രീമതി വൽസ തങ്കച്ചൻ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർചെയർമാൻ ശ്രീ നിജീഷ് അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഹഫ്സത്ത് മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ശ്രീമതി മിനി സാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. ശ്രീ സുരേഷ് നന്ദി പറഞ്ഞു. 26 അംഗങ്ങൾ പങ്കെടുത്തു.



## നെന്മേനി




2023 മെയ് 30 ന് നെൻമേനി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. കൺവീനർ ശ്രീമതി സാവിത്രിയമ്മ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി സുഷമ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല പുഞ്ചവയൽ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ശ്രീമതി മിനി സാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. ശ്രീമതി ജമീല നന്ദി പറഞ്ഞു. 13 അംഗങ്ങൾ പങ്കെടുത്തു.

# പൊഴുതന



2023 മെയ് 30 ന് പൊഴുതന  പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് പഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു. കോർ ടീം വോളണ്ടിയർ ശ്രീ കെ. പി. ജോൺ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ മണി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. ജ്യോതിഷ് കുമാർ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു.

Thank you!



**NEETHI VEDHI**
സുധിക്കവല, കാക്കവയൽ പി. ഒ
കൽപ്പറ്റ നോർത്ത്, വയനാട് – 673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org